പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2747 — 02.04.2013ൽ മറുപടിയ്ക്ക്

## നാൽപ്പതിൽ താഴെ വിജയശതമാനമുള്ള സ്വാശ്രയഎഞ്ചിനീയറിംഗ് കോളേജുകൾ

| ചോദ്യം<br>ശ്രീ.പി.റ്റി.എ.റഹീം | ഉത്തരം<br>ശ്രീ. പി.കെ അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) നാൽപ്പതിൽ താഴെ വിജയ ശതമാനമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചു പൂട്ടണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) നാൽപ്പതിൽ താഴെ വിജയ ശതമാനമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചു പൂട്ടണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവാരം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തേണ്ട തുണ്ടെന്നും മെച്ചപ്പെടുത്താത്ത പക്ഷം പ്രസ്തുത കോളേജുകൾ അടച്ചുപൂട്ടുന്ന കാര്യം സർക്കാർ പരിഗണിക്കേണ്ട താണെന്നും ബഹു. ഹൈക്കോടതി നിരീക്ഷിക്കുക യുണ്ടായി. |
| (ബി) ഇത്തരത്തിലുള്ള കോളേജുകൾ ഏതെല്ലാമാണെന്ന് വ്യക്ത മാക്കാമോ;<br><br>(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജുകളിലെ വിദ്യാർത്ഥികളെ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) & (സി) സംസ്ഥാനത്തെ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2015-16 അക്കാദമിക് വർഷം മുതൽ 4,6,8 സെമസ്റ്ററുകളിൽ യഥാക്രമം 25%, 30%, 35% വിജയം ഉള്ള കോളേജുകൾക്ക് മാത്രമേ നിലവിലുള്ള കോഴ്സുകൾക്ക് തുടർ അംഗീകാരം നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ